കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം

വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം - 695033

ഫോൺ : 0471-2306024, ഫാക്സ് - 0471-2304286

ഇ-മെയിൽ - directorksstm@gmail.com

വെബ്സൈറ്റ് - www.kstmuseum.com

കഫറ്റീരിയ ദർഘാസ് പരസ്യം

- ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ/
  സ്ഥാപനത്തിന്റെ പേരും വിലാസവും:

- ദർഘാസ് സമർപ്പിക്കേണ്ട തീയതിയും സമയവും: 04/12/2026, 3 PM

- ദർഘാസ് തുറക്കുന്ന തീയതിയും സമയവും: 04/12/2026, 4 PM

- നിരത ദ്രവ്യം: 5000/-

- ദർഘാസ് പ്രമാണത്തിന്റെ വില: 590/- [500 + 90 (18% GST)]

ഉള്ളടക്കം

- ദർഘാസ് ക്ഷണപത്രം
- ദർഘാസ് സത്യവാങ്മൂലം
- നിബന്ധനകളില്ലാതെ ദർഘാസ് വ്യവസ്ഥകൾ അംഗീകരിക്കുന്ന സമ്മത പത്രം
- നിർദ്ദേശങ്ങളും വ്യവസ്ഥകളും
- വിലവിവരപ്പട്ടിക

കരാറുകാരൻ

നമ്പർ: KSSTM/132/2026-RP **തീയതി: 18/11/26**

കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയം ആന്റ് പ്രിയദർശിനി പ്ലാനറ്റേറിയം

വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം - 695033

ഫോൺ : 0471-2306024, 2306025

ദർഘാസ് നോട്ടീസ്

കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയം, തിരുവനന്തപുരം കാമ്പസിലുള്ള കഫറ്റീരിയ നടത്തിപ്പിനായി ടി പ്രവർത്തികളിൽ കുറഞ്ഞത് അഞ്ച് വർഷത്തെ പ്രവർത്തി പരിചയവും **FSSAI** ൽ നിന്നുള്ള രജിസ്ട്രേഷൻ അടക്കം കഫറ്റീരിയ നടത്തിപ്പിനാവശ്യമായ ലൈസൻസുകളും ഉള്ള കരാറുകാരിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസ് പ്രമാണവും വിശദവിവരങ്ങളും കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയം ഡയറക്ടറുടെ ഓഫീസിൽ നിന്നും ദർഘാസ് പ്രമാണത്തിന്റെ വിലയായ **590/- രൂപ ഒടുക്കി 04/12/2026, സമയം 2 മണി വരെ വാങ്ങാവുന്നതാണ്.** പൂരിപ്പിച്ച ദർഘാസ് പ്രമാണങ്ങളും മറ്റ് ആവശ്യരേഖകളും നിരതദ്രവ്യമായി **5000/- രൂപ ഡിമാന്റ് ഡ്രാഫ്റ്റ്** സഹിതം കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയം ഓഫീസിൽ **0412/2026 തീയതി ഉച്ചക്ക് 3 മണിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്.** ദർഘാസ് പ്രമാണങ്ങൾ ശാസ്ത്രസാങ്കേതിക മ്യൂസിയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റായ *www.kstmuseum.com* - ൽ നിന്നും ഡൗൺലോഡ് ചെയ്തും ഉപയോഗിക്കാവുന്നതാണ്. ദർഘാസ് പ്രമാണം ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്നവർ ദർഘാസ് പ്രമാണത്തിന്റെ വിലയായ 590/- രൂപ പ്രത്യേക ഡിമാന്റ് ഡ്രാഫ്റ്റായി ഉൾക്കൊള്ളിക്കേണ്ടതാണ്.

ഡയറക്ടർ

കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയം,

വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം - 33

ഫോൺ - 0471-2306024/25

Digitally signed by Jaimon Jacob
Date: 18-11-2026 15:53:54

കരാറുകാരന്റെ വിശദ വിവരങ്ങൾ

1. കരാറുകാരന്റെ/സ്ഥാപനത്തിന്റെ പേര് :
2. മേൽവിലാസം :
3. ബന്ധപ്പെടേണ്ട വ്യക്തിയുടെ പേര് :

   ഫോൺ :

   ഇ മെയിൽ :

   മൊബൈൽ :

4. **FSSAI** രജിസ്ട്രേഷൻ നമ്പർ (ലഭ്യമാണെങ്കിൽ) :
5. കരാറുകാരന്റെ ലൈസൻസിന്റെ വിശദാംശങ്ങൾ :
6. **PAN** നമ്പർ :
7. ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ:

   (എ) അക്കൗണ്ട് നമ്പർ:

   (ബി) **IFSC** കോഡ്:

   (സി) ബാങ്കിന്റെ പേര്:

   (ഡി) ശാഖയുടെ പേര്:

8. ജി.എസ്.ടി.രജിസ്ട്രേഷൻ നമ്പർ (ലഭ്യമാണെങ്കിൽ):

കരാറുകാരൻ

ദർഘാസ് സമർപ്പണം

പ്രേഷിതൻ

സ്വീകർത്താവ്

ഡയറക്ടർ,

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം,

വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം

സർ,

ദർഘാസ് പ്രമാണങ്ങൾ പരിശോധിച്ച് പരിപൂർണ്ണമായി ബോധ്യപ്പെട്ടിട്ടും മറ്റ് വിവരങ്ങൾ അന്വേഷണത്തിലൂടെ മനസ്സിലാക്കിയിട്ടും ഞാൻ/ഞങ്ങൾ..... ദർഘാസിൽ പറഞ്ഞിരിക്കുന്ന നിർദ്ദിഷ്ട വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ദർഘാസിൽ ആവശ്യപ്പെട്ടിരിക്കുന്ന വിലകളും മറ്റ് വിവരങ്ങളും ഇതോടൊപ്പം സമർപ്പിക്കുന്നു. ദർഘാസ് അംഗീകരിക്കുകയാണെങ്കിൽ ഞാൻ/ഞങ്ങൾ..... ദർഘാസിലെ വ്യവസ്ഥകൾ പാലിച്ച് കരാർ ഏറ്റെടുക്കുമെന്നും അതിൽ വീഴ്ച വരികയാണെങ്കിൽ സമർപ്പിച്ച നിരതദ്രവ്യം കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന് വിധേയമായി ഈടാക്കാൻ സമ്മതിക്കുന്നു.

ഞാൻ/ഞങ്ങൾ..... രൂപ നിരതദ്രവ്യമായി ഡയറക്ടർ, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ പേരിൽ ക്രോസ് ചെയ്ത ഡിമാന്റ് ഡ്രാഫ്റ്റായി സമർപ്പിച്ചിട്ടുണ്ട്. ഞാൻ/ഞങ്ങൾ ഈ ദർഘാസിന്റെ തുടർനടപടി പ്രകാരം സമയബന്ധിതമായി എഗ്രിമെന്റ് വയ്ക്കാനോ കരാർ തുടങ്ങാനോ കാലതാമസം വരുത്തുകയോ ചെയ്യാതിരിക്കുകയോ ചെയ്യുന്ന പക്ഷം കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം ഡയറക്ടർ ഞാൻ/ഞങ്ങൾ സമർപ്പിച്ച നിരതദ്രവ്യ തുക പിഴയായി ഈടാക്കാൻ സമ്മതമാണെന്ന് അറിയിക്കുന്നു. ഈ രീതിയിൽ ഈടാക്കുന്ന നിരതദ്രവ്യ തുകയിൽ യാതൊരു വിധ അവകാശവും ഞാൻ/ഞങ്ങൾ ആവശ്യപ്പെടുകയില്ല.

കരാറുകാരൻ

ഈ കരാർ പ്രകാരമുള്ള യാതൊരുവിധ വ്യവഹാരങ്ങൾക്കും ആർബിട്രേഷൻ പരിഹാരമായിരിക്കില്ല എന്നും ഇതിനാൽ സമ്മതിക്കുന്നു.

ഒപ്പ്:

കരാറുകാരന്റെ പേര്:

കരാറുകാരന്റെ മേൽവിലാസം:

നിരതദ്രവ്യത്തിന്റെ വിശദാംശങ്ങൾ

ഡി.ഡി.നമ്പർ: ..... തീയതി: ..... തുക:.....

ഡി.ഡി.എടുത്ത ബാങ്കിന്റെ പേര്:.....

ബാങ്ക് ശാഖയുടെ പേര്:.....

കരാറുകാരൻ

<u>നിബന്ധനകളില്ലാതെ ദർഘാസ് വ്യവസ്ഥകൾ അംഗീകരിക്കുന്നുവെന്ന സമ്മതപത്രം</u>

പ്രവർത്തിയുടെ പേര്: കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം, തിരുവനന്തപുരം ക്യാമ്പസിലെ കഫറ്റീരിയ നടത്തിപ്പ്

ഞാൻ/ഞങ്ങൾ.....ഈ ദർഘാസിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ മറ്റൊരു നിബന്ധനകളുമില്ലാതെ അംഗീകരിച്ചിരിക്കുന്നു.

കൂടാതെ ഈ ദർഘാസ് നിബന്ധനകൾ അംഗീകരിക്കുന്നതിനാൽ ഈ ദർഘാസിൽ പറയാത്ത പുതിയ നിബന്ധനകൾ ഞങ്ങൾ ദർഘാസിൽ ഉൾപ്പെടുത്തിയിട്ടില്ല. ദർഘാസ് തുറക്കുമ്പോഴോ, തുടർ പരിശോധനകളിലോ എന്തെങ്കിലും പുതിയ വ്യവസ്ഥ ഞങ്ങളുടെ ഭാഗത്തു നിന്നും കൂട്ടിച്ചേർത്തിട്ടുണ്ടെങ്കിൽ ഈ ദർഘാസ് അസാധുവാകുമെന്നും ഈ സാഹചര്യത്തിൽ ഞങ്ങൾ സമർപ്പിച്ച നിരതദ്രവ്യം ഡയറക്ടർ, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന് നിരുപാധികം കണ്ടുകെട്ടി തുക ഈടാക്കാമെന്നും ഇതിനാൽ സമ്മതം അറിയിക്കുന്നു.

കരാറുകാരന്റെ ഒപ്പ്:

കരാറുകാരന്റെ പേര്:

കരാറുകാരന്റെ മേൽവിലാസം:

കരാറുകാരൻ

ദർഘാസ് വ്യവസ്ഥകളും നിബന്ധനകളും

1. പ്രവൃത്തിയുടെ വിശദാംശങ്ങൾ

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം തിരുവനന്തപുരം ക്യാമ്പസിലെ കഫറ്റീരിയ കരാർ അടിസ്ഥാനത്തിൽ നടത്തുക എന്നതാണ് ഈ ദർഘാസ് പ്രകാരമുള്ള പ്രവൃത്തി. കഫറ്റീരിയ ഈ സ്ഥാപനത്തിലെ ജീവനക്കാരും ചുറ്റുമുള്ള വിവിധ ഓഫീസുകളിലെ ജീവനക്കാരും, പൊതുജനങ്ങളും, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ സന്ദർശകരുമാണ് ഉപയോഗിക്കുന്നത്.

2. കരാർ കാലാവധി

ആദ്യ കരാർ കാലാവധി ഒരു വർഷമായിരിക്കും. എന്നാൽ ആദ്യത്തെ മൂന്ന് മാസം നിരീക്ഷണഘട്ടമായിരിക്കും. പ്രസ്തുത കാലയളവിൽ തൃപ്തികരമല്ലാത്ത പ്രവർത്തനമാണ് കരാറുകാരനിൽ നിന്നും ഉണ്ടാകുന്നതെങ്കിൽ യാതൊരു മുൻകൂർ നോട്ടീസും കൂടാതെ ടിയാന്റെ കാലാവധി റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കെ എസ് എസ് ടി എം-ലെ ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. പൂർണ്ണതൃപ്തികരമായ പ്രവർത്തനമാണ് കരാറുകാരനിൽ നിന്നും ഉണ്ടാകുന്നതെങ്കിൽ തുടർന്ന് പരമാവധി രണ്ടു വർഷം കൂടി (ഓരോ വർഷം പ്രത്യേകമായി വർദ്ധിപ്പിക്കുന്ന രീതിയിൽ) കരാർ ദീർഘിപ്പിക്കുന്നതാണ്. കരാർ ദീർഘിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനം കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം ഡയറക്ടറുടെ വിവേചനാധികാരപ്രകാരമായിരിക്കും. കരാറുകാരന് ഇതിൽ യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല.

3. കരാർ തുക

മാസവാടക നിരക്ക് കുറഞ്ഞത് **10,000** രൂപ (അതിന്റെ ജി എസ് ടി യും) യായി ക്വോട്ട് ചെയ്യേണ്ടതാണ്. ക്വാട്ടേഷനുകളിലെ ഉയർന്ന മാസവാടക നിരക്ക് ആയിരിക്കും കരാറുകാരനെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം. കരുതൽ നിക്ഷേപമായി **3** മാസത്തെ വാടക തുക മുൻകൂറായി അടയ്ക്കേണ്ടതാണ്. കാലാവധിക്ക് ശേഷം സ്ഥാപനത്തിന് എന്തെങ്കിലും നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് കരുതൽ നിക്ഷേപത്തിൽ നിന്നും ഈടാക്കിയ ശേഷം അവശേഷിക്കുന്ന തുക മടക്കി നൽകുന്നതാണ്.

4. വൈദ്യുതി, വെള്ളക്കരം എന്നിവയുടെ ഉപയോഗം നിർണ്ണയിച്ച് മ്യൂസിയം അധികൃതർ നിശ്ചയിക്കുന്ന തുക ഡിമാന്റ് നോട്ടീസ് ലഭിച്ച് ഏഴു ദിവസത്തിനകം തന്നെ അടയ്ക്കേണ്ടതാണ്.

5. എല്ലാ പ്രവൃത്തി ദിവസങ്ങളിലും കെ എസ് എസ് ടി എം സംഘടിപ്പിക്കുന്ന പ്രത്യേക പരിപാടികളിലും യാതൊരുവിധ തടസ്സവും കൂടാതെയുള്ള സേവനം നൽകേണ്ടതാണ്. ഭക്ഷണ സാധനങ്ങളുടെ അളവിലും വിലയിലും ഗുണമേന്മയിലും വൃത്തിയിലും യാതൊരുവിധ വിട്ടുവീഴ്ചയും അനുവദിക്കുന്നതല്ല. അത്തരം സംഭവങ്ങൾ ഉണ്ടാകുകയാണെങ്കിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കുന്നതാണ്.

6. ഫുഡ് ആൻ്റ് സേഫ്റ്റി അതോറിറ്റി ഓഫ് ഇന്ത്യയുടെ **(FSSAI)** മാനദണ്ഡങ്ങൾ പാലിച്ച് നിലവാരമുള്ള ഭക്ഷണപദാർത്ഥങ്ങൾ മാത്രമേ വിതരണം ചെയ്യാവൂ.

കരാറുകാരൻ

7. കഫറ്റീരിയയും പരിസരവും ശുചിയായും വൃത്തിയായും സൂക്ഷിക്കേണ്ടതാണ്. അവിടെയുണ്ടാകുന്ന മാലിന്യങ്ങൾ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും മ്യൂസിയംപരിസരത്തു നിന്നും ദിവസേന നീക്കം ചെയ്യേണ്ടതാണ്. യാതൊരു കാരണവശാലും മാലിന്യങ്ങൾ കൂട്ടിയിടാനോ, മ്യൂസിയം പരിസരത്ത് ചവറുകൾ കൂട്ടിയിട്ട് കത്തിക്കാനോ അനുവദിക്കുന്നതല്ല. കഫറ്റീരിയയുടെ സുഗമമായ നടത്തിപ്പ് ഉറപ്പുവരുത്താൻ ഏത് സമയത്തും കാന്റീൻ കമ്മിറ്റി അംഗങ്ങളുടെ പരിശോധന ഉണ്ടായിരിക്കുന്നതാണ്.

8. കഫറ്റീരിയയിലെ ജീവനക്കാർക്ക് യൂണിഫോമും തിരിച്ചറിയൽ കാർഡും ഉണ്ടായിരിക്കേണ്ടതാണ്. ജീവനക്കാരുടെ പേരും ബയോഡാറ്റയും ഓഫീസിൽ നൽകേണ്ടതാണ്. ജീവനക്കാർക്ക് ബന്ധപ്പെട്ട അധികൃതരിൽ നിന്ന് അനുവദിച്ച ഹെൽത്ത് കാർഡ് ഉണ്ടായിരിക്കേണ്ടതും ആയത് കഫറ്റീരിയ പ്രവർത്തനം തുടങ്ങുന്നതിന് മുൻപ് തന്നെ എടുത്തിരിക്കേണ്ടതുമാണ്. കരാറുകാരൻ ആവശ്യത്തിന് ജീവനക്കാരെ വിന്യസിക്കേണ്ടതാണ്.

9. കഫറ്റീരിയ നടത്തുന്നതിനായി നഗരസഭയിൽ നിന്നും, ഫുഡ് ആൻ്റ് സേഫ്റ്റി അതോറിറ്റി അടക്കമുള്ള അധികാരസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച വ്യവസ്ഥാപിതമായ ലൈസൻസുകളുടെയും പെർമിറ്റുകളുടെയും, സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, ജീവനക്കാരുടെ ഹെൽത്ത് കാർഡിന്റെ പകർപ്പുകൾ തുടങ്ങിയവ സ്ഥാപനത്തിൽ നൽകേണ്ടതും, ഒരു പകർപ്പ് പരിശോധനയ്ക്കായി കഫറ്റീരിയയിൽ സൂക്ഷിക്കേണ്ടതാണ്.

10. ക്യാമ്പസിലെ സുരക്ഷയ്ക്കായി വിരമിച്ച സൈനികരുടെ **(Ex-servicemen)** സേവനവും സി.സി.ടി.വി നിരീക്ഷണവും മ്യൂസിയത്തിന്റെ ഭാഗത്തുനിന്ന് മുഴുവൻ സമയവും ഉണ്ടായിരിക്കുന്നതാണ്. ഇതിനുപുറമേ കരാറുകാരന്റെ ഭാഗത്തുനിന്നുള്ള പ്രത്യേക സുരക്ഷാക്രമീകരണങ്ങൾ അനുവദിക്കുന്നതല്ല. ജോലി സമയങ്ങളിൽ ക്യാമ്പസ് നന്നായി പ്രകാശപൂരിതമായിരിക്കും. കഫറ്റീരിയയോട് ചേർന്നുള്ള ഭാഗങ്ങളിൽ ആവശ്യത്തിന് വെളിച്ചം സൗജന്യമായി നൽകിയിട്ടുണ്ട്. എങ്കിലും, കഫറ്റീരിയക്കുള്ളിലെ ലൈറ്റുകളുടെയും ഇലക്ട്രിക് ഫിറ്റിങ്സുകളുടെയും ബില്ലുകൾ കരാറുകാരൻ നൽകേണ്ടതാണ്.

11. ഏകദേശം **400** ചതുരശ്ര അടി വിസ്തീർണ്ണമുള്ള, രണ്ട് ഭാഗങ്ങളായി തിരിച്ച കെട്ടിട സൗകര്യം ലഭ്യമാണ്. ഇതിൽ ഒരു ഭാഗം ഭക്ഷണം ക്രമീകരിക്കുന്നതിനും, സൂക്ഷിക്കുന്നതിനും, പ്രദർശിപ്പിക്കുന്നതിനും, കൗണ്ടറുകൾക്കുമായി ഉപയോഗിക്കാം. മറ്റേ ഭാഗം ഭക്ഷണശാലയായി **(Dining)** ഉപയോഗിക്കാം. കെട്ടിടത്തിന് അകത്തും പുറത്തും ആവശ്യത്തിന് വൈദ്യുതി, കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതുവഴി കരാറുകാരന് താഴെ പറയുന്നവ ക്രമീകരിക്കാവുന്നതാണ്:

- ഫ്രിഡ്ജ് **(Fridge)**
- ഡീപ്പ് ഫ്രീസർ **(Deep freezer)**
- മിക്സി **(Mixie)**
- ജ്യൂസർ **(Juicer)**
- മൈക്രോവേവ് ഓവൻ **(Microwave oven)**
- കോഫി മേക്കർ / വെൻഡിംഗ് മെഷീൻ **(Coffee maker/vending machine)**
- ഡിസ്പ്ലേ കാബിനറ്റുകൾ **(Display cabinets)**
- ക്യാഷ് കൗണ്ടറും അനുബന്ധ ഉപകരണങ്ങളും **(Cash counter & related gadgets)**
- ഓഡിയോ-വിഷ്വൽ ആകർഷണങ്ങളും ലൈറ്റുകളും **(Audio-visual attractions & display lights)**

12. ക്യാമ്പസിൽ കഫറ്റീരിയയുടെ പ്രവർത്തനത്തിനായി മ്യൂസിയം താഴെ പറയുന്ന സൗകര്യങ്ങൾ നൽകുന്നതാണ്:

കരാറുകാരൻ

- കെട്ടിടത്തിലും തുറന്ന സ്ഥലങ്ങളിലും ആവശ്യത്തിന് **6** ആമ്പിയർ **(6A), 20** ആമ്പിയർ **(20A)** സോക്കറ്റ് ഔട്ട്‌ലെറ്റുകളോടുകൂടിയ സിംഗിൾ ഫേസ് ഇലക്ട്രിക് കണക്ഷനും ജനറൽ ലൈറ്റ് ഫിറ്റിങ്സുകളും (ഇവയുടെ വൈദ്യുതി ഉപയോഗത്തിന് വാണിജ്യ നിരക്കിൽ ചാർജ് ഈടാക്കുന്നതാണ്).
- ആവശ്യത്തിന് സീലിംഗ് ഫാനുകൾ.
- കിച്ചൻ സിങ്ക്, വാഷ് ബേസിൻ എന്നിവയോടുകൂടിയ ജലവിതരണം (വെള്ളത്തിന്റെ ഉപയോഗത്തിന് വാണിജ്യ നിരക്കിൽ ചാർജ് ഈടാക്കുന്നതാണ്).
- ആവശ്യാനുസരണമുള്ള ഇരിപ്പിടങ്ങൾ **(Seating furniture).**
- ഗ്രാനൈറ്റ് ടേബിൾ ടോപ്പ് / കൗണ്ടർ ടോപ്പ്.
- ഉപഭോക്താക്കൾക്ക് സൗജന്യമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം.
- ജനറൽ സെക്യൂരിറ്റിയും സി.സി.ടി.വി നിരീക്ഷണവും.

13. മറ്റു വിവരങ്ങൾ:

- വാണിജ്യ നിരക്കിൽ **(commercial tariff)** യഥാർത്ഥ ഉപയോഗത്തിന് അനുസരിച്ച് മാസത്തിലോ രണ്ടു മാസത്തിലൊരിക്കലോ മ്യൂസിയത്തിൽ അടയ്ക്കേണ്ട തുക നൽകി, **24** മണിക്കൂറും വൈദ്യുതിയും കുടിവെള്ളവും ഉപയോഗിക്കാവുന്നതാണ്.
- കരാറുകാരന് ക്യാമ്പസിനുള്ളിലും **PMG** ജംഗ്ഷനിലുള്ള പ്രധാന പ്രവേശന കവാടത്തിലും ബോർഡുകൾ **(Sign boards)** സ്ഥാപിക്കാവുന്നതാണ്.
- മ്യൂസിയം സന്ദർശകർക്ക് പുറമെ, സന്ദർശകർക്ക് യാതൊരു തടസ്സവും ഉണ്ടാകാത്ത രീതിയിൽ പുറത്തുനിന്നുള്ളവർക്കും ഈ കഫറ്റീരിയ പ്രയോജനപ്പെടുത്താവുന്നതാണ്.

14. നിലവിൽ കഫറ്റീരിയയിൽ പാചകം ചെയ്യാനുള്ള സൗകര്യമില്ല അതിനാൽ കഫറ്റീരിയയിൽ നേരിട്ട് പാചകം ചെയ്യേണ്ടി വരാത്ത തരത്തിലുള്ള ഭക്ഷണസാധനങ്ങൾ മാത്രം കരാറുകാരൻ നൽകേണ്ടതാണ്. ഭക്ഷണസാധനങ്ങൾ തയ്യാറാക്കുന്നതിനും ആവശ്യാനുസരണം സ്ഥലത്ത് എത്തിക്കുന്നതിനുമായി ന്യായമായ ദൂരപരിധിക്കുള്ളിൽ ആരോഗ്യകരമായ ഒരു അന്തരീക്ഷത്തിൽ കരാറുകാരൻ സ്വന്തമായി സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്. എങ്കിലും, കരാറുകാരന്റെ സ്വന്തം ഉപകരണങ്ങൾ ഉപയോഗിച്ച് മൈക്രോവേവ് ഹീറ്റിംഗ്, ചായ/കാപ്പി നിർമ്മാണം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ കഫറ്റീരിയയ്ക്കുള്ളിൽ തന്നെ സജ്ജീകരിക്കാവുന്നതാണ് (മുൻകൂട്ടി അനുമതി നേടിയിരിക്കണം).

15. കഫറ്റീരിയയിൽ നൽകുന്ന ഭക്ഷണവിഭവങ്ങളിൽ കുറഞ്ഞത് ഒരു ആവിയിൽ വേവിച്ച ഭക്ഷ്യവിഭവം നിർബന്ധമായും ഉണ്ടായിരിക്കണം, കൂടാതെ പാക്ക് ചെയ്ത ബിരിയാണി **(packed biriyani),** ഊണ് **(packed meals)** എന്നിവ കൂടി ഭക്ഷണപട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

16. കെ.എസ്.എസ്.ടി.എം നിശ്ചയിച്ചിട്ടുള്ള വിഭവങ്ങൾക്ക് പുറമെ മറ്റെന്തെങ്കിലും ഭക്ഷണസാധനങ്ങൾ കഫറ്റീരിയയിൽ വിൽക്കുന്നുണ്ടെങ്കിൽ, ടി ഭക്ഷ്യവിഭവങ്ങൾക്ക് കെ.എസ്.എസ്.ടി.എം ജീവനക്കാർക്ക് **20%** ഡിസ്കൗണ്ട് ഉണ്ടായിരിക്കേണ്ടതാണ്.

17. കരാറുകാരന് കെ എസ് എസ് ടി എം നിശ്ചയിക്കുന്ന തുകയേക്കാൾ കുറഞ്ഞ തുകയ്ക്ക് ഭക്ഷണസാധനങ്ങൾ നൽകാമെങ്കിൽ അത് പ്രത്യേകം രേഖപ്പെടുത്താവുന്നതാണ്.

കരാറുകാരൻ

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം, തിരുവനന്തപുരം കഫറ്റീരിയയിൽ ലഭ്യമാക്കേണ്ട ഭക്ഷണപദാർത്ഥങ്ങളും അവ ലഭ്യമാക്കുവാൻ ആവശ്യപ്പെടുന്ന വിലയും.

ഐറ്റം നമ്പർ	ഭക്ഷണപദാർത്ഥങ്ങളുടെ വിവരണം	അളവ് / എണ്ണം	കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം ജീവനക്കാർക്കുള്ള വില	മറ്റുള്ളവർക്കുള്ള വില
1	ചായ	1 cup	10	12
2	കട്ടൻ	1 cup	5	8
3	കാപ്പി	1 cup	12	15
4	കട്ടൻ കാപ്പി	1 cup	7	10
5	പാൽ	1 cup	15	20
6	പാക്ക് ചെയ്ത സോഫ്റ്റ് ഡ്രിങ്കുകൾ (പെപ്സി, കൊക്കൊകോള തുടങ്ങിയ കാർബണേറ്റഡ് ഡ്രിങ്കുകൾ ഒഴികെ)	1 എണ്ണം	As per MRP	As per MRP
7	ഫ്രഷ് ജ്യൂസുകൾ	1 എണ്ണം	40	50
8	ഐസ്ക്രീമുകൾ	1 എണ്ണം	As per MRP	As per MRP
9	ഷെയ്ക്കുകൾ (Vanilla, Chocolate, Sharjah)	1 എണ്ണം	50	70
10	കട്ലെറ്റുകൾ / റോളുകൾ	1 എണ്ണം	15	20
11	Sandwich/Burger	1 എണ്ണം	38	50
12	Steamed Snacks (കൊഴുക്കട്ട, ഇലയട, തെരളി, കിണ്ണത്തപ്പം)	1 എണ്ണം	15	20
13	വട/ ബജ്ജി/സമൂസ അതുപോലെയുള്ള ഐറ്റംസ്	1 എണ്ണം	9	12
14	അപ്പം, ഇടിയപ്പം, പത്തിരി, പൊറോട്ട തുടങ്ങിയ പാക്ക് ചെയ്ത ഭക്ഷണങ്ങൾ	1 എണ്ണം	8	10

15	ചിക്കൻ, മട്ടൺ, മുട്ട, വെജ് എന്നിവയുടെ വിവിധതരം സൈഡ് ഡിഷുകൾ	**150** ഗ്രാം	**50**	**80**
16	**Packed Biriyani**	**1** എണ്ണം	**70**	**90**
17	**Packed Meals**	**1** എണ്ണം	**40**	**70**

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം, തിരുവനന്തപുരം കഫറ്റീരിയയിൽ മേൽ സൂചിപ്പിച്ച ഇനങ്ങൾ കൂടാതെ മറ്റു ഇനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്ന മാതൃകയിൽ ഉൾപ്പെടുത്തുക.

ഐറ്റം നമ്പർ	ഭക്ഷണപദാർത്ഥങ്ങളുടെ വിവരണം	അളവ് / എണ്ണം	കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം ജീവനക്കാർക്കുള്ള വില	മറ്റുള്ളവർക്കുള്ള വില

കരാറുകാരൻ

കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയം ആന്റ് പ്രിയദർശിനി പ്ലാനറ്റേറിയം

വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം – 695033

കരാറുകാരൻ വാഗ്ദാനം ചെയ്യുന്ന പ്രതിമാസ വാടക	..... രൂപ (.....രൂപ മാത്രം)

ഡയറക്ടർ

കരാറുകാരൻ